# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1106 29.9.2011 ൽ മറുപടിക്ക്**

<u>റബ്ബൈറൈസ്ഡ് ടാറിംഗിന് നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) റബ്ബർ ചേർത്ത ടാർ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന്റെ മേന്മകൾ എന്തെല്ലാമാണ്: | (എ) റോഡിന്റെ ഉപരിതലം റബ്ബർ ചേർത്ത ടാർ ഉപയോഗിച്ച് നിർമ്മിക്കുന്നതു വഴി കഠിനമായ ചൂടിൽ ടാർ ഉരുകി ഉപരിതലം മിനുസ്സമാകുന്ന പ്രവണത കുറയ്ക്കുന്നതിനും അതുവഴി വാഹനങ്ങൾക്ക് റോഡിൽ കൂടുതൽ പരുപരപ്പ് ലഭിക്കുന്നതിനും വർഷകാലങ്ങളിൽ മഴവെള്ളം താഴാതിരിക്കുന്നതു വഴി റോഡിന്റെ കീഴ് ഭാഗങ്ങളെ സംരക്ഷിക്കുന്നതിനും സാധിക്കുന്നു. സാധാരണ ടാർ ഉപയോഗിച്ച് നിർമ്മിക്കുന്ന തിനേക്കാൾ കൂടുതൽ കാലം നിലനിൽക്കുന്നതിനും റബ്ബൈറൈസ്ഡ് ടാർ ഉപയോഗിക്കുന്നതുകൊണ്ട് സാധിക്കുന്നു. |
| (ബി) കേരളത്തിലെ എല്ലാ റോഡുകളും പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) പുതുതായി നിർമ്മിക്കുന്ന റോഡുകളിലും പുതുക്കിപ്പണിയുന്ന റോഡുഭാഗങ്ങളിലും പ്രകൃതി ദത്ത റബ്ബർ ചേർത്തുള്ള ടാർ ഉപയോഗിച്ചാണ് ഇപ്പോൾ ( BM & BC) പ്രവൃത്തികൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ